(എച്ച്) ആവശ്യമായ ഗുണനിലവാരം ഇല്ലാത്തതിന്റെ പേരിൽ കമ്പനിയുടെ തിരുവല്ല യൂണിറ്റിൽനിന്നും രജിസ്റ്റർ ചെയ്ത സാധനങ്ങൾക്ക്, പെർഫ്യൂമറീസിൽ നിന്നും ബില്ല് മാറി നൽകിയതായുള്ള യൂണിയനുകളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) ഇതിൻമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ട്രാക്കോ കേബിൾ കമ്പനിക്ക് രണ്ട് യൂണിറ്റുകളുണ്ട്. ഒന്ന് ഇരുമ്പനത്തും (എറണാകുളം ജില്ല) രണ്ടാമത്തേത് തിരുവല്ല (പത്തനംതിട്ട ജില്ല) യിലുമാണ്.

(ബി) കഴിഞ്ഞ രണ്ടു വർഷമായി കമ്പനി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ലാഭം/നഷ്ടം ഇവ സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) കമ്പനിയുടെ പ്രധാന ഉൽപ്പന്നമായ ജെല്ലി ഫിൽഡ് ടെലിഫോൺ കേബിളിന്റെ ഉപയോഗം/ഡിമാന്റിൽ ഉണ്ടായ കുറവ്, വിപണിയിലെ കടുത്ത മൽസരം മൂലം ഉൽപ്പന്ന വിലയിലുണ്ടായ തകർച്ച എന്നീ കാരണങ്ങൾ കൊണ്ടാണ് കമ്പനിക്ക് കഴിഞ്ഞകാലങ്ങളിൽ നഷ്ടമുണ്ടായത്.

(ഡി) അംഗീകരിക്കപ്പെട്ട ഉൽപ്പാദകർ/വിതരണക്കാർ എന്നിവരിൽ നിന്നും ടെൻഡർ/ക്വട്ടേഷൻ അടിസ്ഥാനത്തിൽ കമ്പനിയുടെ പർച്ചേസ് പ്രൊസീഡർ അനുസരിച്ചാണ് അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുന്നത്.

(ഇ) തിരുവല്ല യൂണിറ്റിൽ ജെല്ലി ഫിൽഡ് ടെലിഫോൺ കേബിളും ഇരുമ്പനം യൂണിറ്റിൽ ബെയർ കണ്ടക്ടറുകളും പവർ കേബിളുകളും ജെല്ലി ഫിൽഡ് ടെലിഫോൺ കേബിളുകളും ഉൽപ്പാദിപ്പിക്കുന്നു. രണ്ടു യൂണിറ്റുകളിലും പൊതുവായി വേണ്ട അസംസ്കൃതവസ്തുക്കൾക്ക് പൊതുവായി ടെണ്ടർ വിളിക്കുകയും അല്ലാത്തവ അതാത് യൂണിറ്റുകൾക്കുവേണ്ടി പ്രത്യേകം പ്രത്യേകം ടെണ്ടർ വിളിച്ച് ലഭ്യമാക്കുകയും ചെയ്യുന്നു.

(എഫ്) ലോക്കൽ പർച്ചേസ് ഒഴികെയുള്ള എല്ലാ പർച്ചേസ് ബില്ലുകളും കമ്പനിയുടെ എറണാകുളത്തെ കോർപ്പറേറ്റ് ഓഫീസിലാണ് പാസ്സാക്കുന്നത്.

(ജി) ഇല്ല. എന്നാൽ 2001-2002, 2002-2003 എന്നീ വർഷങ്ങളിലെ പാക്കിംഗ് മെറ്റീരിയൽസിന്റെ ചില ബില്ലുകളിൽ കൃത്രിമം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെപ്പറ്റി അന്വേഷണം നടന്നുവരുന്നു.

(എച്ച്) ഉണ്ട്.

(ഐ) മേൽപ്പറഞ്ഞ കൃത്രിമങ്ങൾ സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിന് സർക്കാർ നിർദ്ദേശം ചെയ്തിട്ടുണ്ട്.

നീറ്റുകക്ക നിർമ്മാണ വ്യവസായം

108 [4875] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചകക്ക നീറ്റി നീറ്റുകക്കയും കുമ്മായവും നിർമ്മിച്ച് വ്യവസായം നടത്തുന്ന എത്ര പേർ ഓരോ ജില്ലയിലുമുണ്ടെന്ന് വ്യക്തമാക്കുമോ;

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽപ്പറഞ്ഞ വ്യവസായം ഇന്നു അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും അവ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത വ്യവസായത്തെ പരമ്പരാഗത ചെറുകിട വ്യവസായമായി പ്രഖ്യാപിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫയർ സ്കീം

109 [4878] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കുളത്തൂർ, നൻമണ്ട, പനങ്ങാട്, ബാലുശ്ശേരി, ഉള്ളിയേരി, അത്തോളി പഞ്ചായത്തുകളിൽ ഓരോന്നിലും കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫയർ സ്കീമിൽ അംഗത്വം എടുത്തവർ എത്രയുണ്ട് എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

അംഗത്വത്തിന്റെ കണക്ക് താഴെ ചേർക്കുന്നു:

എലത്തൂർ	..	152
തലക്കുളത്തൂർ	..	111
നൻമണ്ട	..	269
പനങ്ങാട്	..	69
ബാലുശ്ശേരി	..	853
അത്തോളി	..	251
ഉള്ളിയേരി	..	133

ഹാന്റിക്രാഫ്ട് മേഖലയിൽ പണിയെടുക്കുന്നവർക്കുവേണ്ടി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ

110 [4879] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, കെ. മോഹൻകുമാർ:
,, ഡൊമിനിക് പ്രസന്റേഷൻ:
,, എം. എ. ചന്ദ്രശേഖരൻ:
,, വി. ബാവരാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റിക്രാഫ്ട് മേഖലയിൽ പണിയെടുക്കുന്നവർക്കുവേണ്ടി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly